# 88/2025-M

| ചോദ്യ പുസ്തക അക്ഷര കോഡ് | A | ചോദ്യ പുസ്തക ക്രമ നമ്പർ |
|---|---|---|

| | |
|---|---|
| **ചോദ്യങ്ങളുടെ ആകെ എണ്ണം : 100** | **സമയം : 1 മണിക്കൂർ 30 മിനിട്ട്** |
| **പരമാവധി മാർക്ക് : 100** | |

A

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

DO NOT WRITE HERE

1. 'ഫ്രഞ്ചു വിപ്ലവത്തിന്റെ പ്രവാചകൻ' എന്നറിയപ്പെടുന്നതാര്?
   (A) വോൾട്ടയർ
   (B) മൊണ്ടസ്ക്യൂ
   (C) റൂസോ
   (D) ലൂയി പതിനാലാമൻ

2. ഏതു തിരുവിതാംകൂർ രാജാവിന്റെ ഭരണ കാലത്താണ് പണ്ടാരപാട്ട വിളംബരം പുറപ്പെടുവിച്ചത്?
   (A) മാർത്താണ്ഡവർമ്മ
   (B) ആയില്യം തിരുനാൾ
   (C) അനിഴം തിരുനാൾ
   (D) വിശാഖം തിരുനാൾ

3. റഷ്യൻ വിപ്ലവം നടന്ന വർഷം ഏത്?
   (A) 1916
   (B) 1918
   (C) 1919
   (D) 1917

4. 1857 ലെ വിപ്ലവവുമായി ബന്ധപ്പെട്ട താഴെ പറയുന്നവയിൻ തെറ്റായ പ്രസ്താവനകൾ ഏതെല്ലാം?
   1) 1857 ലെ വിപ്ലവം ആദ്യമായി പൊട്ടിപ്പുറപ്പെട്ടത് സൂററ്റിലാണ്
   2) ഡൽഹിയിൽ വിപ്ലവത്തിന്റെ നേതാവ് ബഹുദൂർഷ II ആയിരുന്നു.
   3) കാൺപൂരിൽ വിപ്ലവത്തിന്റെ നേതാവ് കണവർസിംഗ് ആയിരുന്നു
   4) അവാധിലും ലക്നൗവിലും വിപ്ലവം നയിച്ചത് ബീഗം ഹാസറത്ത് മഹൽ ആയിരുന്നു.
   (A) 1 ഉം 4 ഉം
   (B) 2 ഉം 4 ഉം
   (C) 1 ഉം 3 ഉം
   (D) 1 ഉം, 3 ഉം, 4 ഉം

5. 'സൈനീക സഹായ വ്യവസ്ഥ' നടപ്പിലാക്കിയതാര്?
   (A) ലിട്ടൻ പ്രഭു
   (B) വെല്ലസ്ലി പ്രഭു
   (C) ഡൽഹൗസി പ്രഭു
   (D) കോൺവാലിസ് പ്രഭു

6. കേരളത്തിൽ ഏതു ചരിത്ര സംഭവത്തിന്റെ 100-ാം വാർഷികമാണ് 2024-ൽ ആഘോഷിക്കുന്നത്.
   (A) ക്ഷേത്രപ്രവേശന വിളംബരം
   (B) ഗുരുവായൂർ സത്യാഗ്രഹം
   (C) കയ്യൂർ സമരം
   (D) വൈക്കം സത്യാഗ്രഹം

7. 2009 ഡിസംബറിൽ നേപ്പാൾ ഗവൺമെന്റിന്റെ ക്യാബിനറ്റ് മീറ്റിംഗ് എവറസ്റ്റ് ബേസ് ക്യാമ്പിൽ വെച്ച് കൂടിയത്, ഏതു വിഷയവുമായി ബന്ധപ്പെട്ട്, ചർച്ച ചെയ്യാനായിരുന്നു?

i) അയൽപക്കരാജ്യങ്ങളുമായുള്ള അതിർത്തി തർക്കവും ലോകസമാധാനവും

ii) എവറസ്റ്റിലെ മാലിന്യ സംസ്കരണം

iii) കാലാവസ്ഥ വ്യതിയാനങ്ങളും ഹിമാനികളുടെ ഉരുകലും

(A) i ശരി (B) ii ശരി

(C) iii ശരി (D) ii & iii ശരി

8. ലോകത്തിന്റെ ധാന്യപുര എന്നറിയപ്പെടുന്ന 'പ്രയരീസ്' സ്ഥിതി ചെയ്യുന്നതെവിടെ?

i) അമേരിക്കയിലും മെക്സിക്കോയിലുമായി സ്ഥിതി ചെയ്യുന്നു.

ii) കാനഡയിലും അമേരിക്കയിലുമായി സ്ഥിതി ചെയ്യുന്നു.

iii) കാനഡയിലും ഗ്രീൻലാന്റിലുമായി സ്ഥിതി ചെയ്യുന്നു.

(A) ii ശരി (B) iii ശരി

(C) i ശരി (D) മൂന്നും ശരി

9. ന്യൂഡൽഹിയിൽ 2023-ൽ കൂടിയ G-20 രാജ്യകൂട്ടായ്മയുടെ പ്രധാന മുദ്രാവാക്യം എന്തായിരുന്നു?

i) ആഗോളതാപനം കുറയ്ക്കുക

ii) ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുക

iii) ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി

(A) i ശരി (B) i & ii ശരി

(C) i & iii ശരി (D) iii ശരി

10. ഇന്ത്യാ വിഭജനത്തെ അടിസ്ഥാനമാക്കി പമേല രൂക്സ് സംവിധാനം ചെയ്ത ചലച്ചിത്രം?

i) ട്രയിൻ റ്റു പാക്കിസ്ഥാൻ

ii) പാർട്ടീഷൻ

iii) തമസ്സ്

iv) മേഘദക്കതാരേ

(A) i (B) ii

(C) iii (D) iv

11. ജമ്മു കാശ്മീരിൽ, ഇന്ത്യാ - പാക്കിസ്ഥാൻ അതിർത്തിയിലുള്ള ബാംഗ്ലിഹാർ അണക്കെട്ട് ഏത് നദിയിൽ സ്ഥിതി ചെയ്യുന്നു?

(A) ഝലം (B) ബിയാസ്

(C) സത്‌ലജ് (D) ചിനാബ്

12. 2025 മെയ് 2ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൽഘാടനം ചെയ്ത വിഴിഞ്ഞം തുറമുഖത്തിന്റെ പ്രധാന സവിശേഷതകൾ

i) ഇന്ത്യയിലെ ആദ്യത്തെ ആഴക്കടൽ ഷിപ്പ്മെന്റ് തുറമുഖം

ii) ഇന്ത്യയിലെ ആദ്യത്തെ ഓട്ടോമേറ്റഡ് തുറമുഖം

iii) അന്താരാഷ്ട്ര ഷിപ്പിംഗ് പാതയോട് നേരിട്ട് സ്ഥിതി ചെയ്യുന്ന ഏക ഇന്ത്യൻ തുറമുഖം

iv) ഇന്ത്യയിലെ ഏറ്റവും ആഴമേറിയ ബ്രേക്ക് വാട്ടർ

(A) i & ii ശരി
(B) i & iii ശരി
(C) i & iv ശരി
(D) എല്ലാം ശരി

13. ഇന്ത്യയിലെ പുത്തൻ സാമ്പത്തികനയവുമായി ബന്ധമില്ലാത്തത് താഴെ തന്നിരിക്കുന്നതിൽ ഏതാണ്?

i) 1991 - ൽ ആരംഭിച്ചു.

ii) ആഗോളവൽക്കരണം

iii) 'നരസിംഹം' റിപ്പോർട്ട്

iv) 'കാർവേ' കമ്മിറ്റി

(A) i & ii മാത്രം
(B) ii മാത്രം
(C) iii & iv മാത്രം
(D) iv മാത്രം

14. ട്രിറ്റിക്കം ഈസ്റ്റിവം ഏതിന്റെ ശാസ്ത്രനാമമാണ്.

(A) ചോളം
(B) ഗോതമ്പ്
(C) നെല്ല്
(D) എള്ള്

15. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയെക്കുറിച്ച് താഴെ തന്നിരിക്കുന്നവയിൽ ശരിയായത് ഏത്?

i) 1935 - ൽ സ്ഥാപിതമായി.

ii) 'ബാങ്കുകളുടെ ബാങ്ക്' എന്നറിയപ്പെടുന്നു

iii) ആസ്ഥാനം മുംബൈയാണ്

iv) ധനനയം നിയന്ത്രിക്കുന്നു

(A) i & ii ശരിയാണ്
(B) i & iii ശരിയാണ്
(C) i, ii & iv ശരിയാണ്
(D) i, ii, iii & iv എല്ലാം ശരിയാണ്

16. ഏഷ്യൻ ഗെയിംസ് 2023 ആയി താഴെ തന്നിരിക്കുന്നതിൽ ശരിയല്ലാത്തതേത്?

(A) ഇന്ത്യ 28 സ്വർണ്ണം നേടി

(B) ഇന്ത്യയുടെ സ്ഥാനം മൂന്നാമതാണ്

(C) ചൈനയിലെ ഹാങ്ഷൂവിൽ നടന്നു

(D) അടുത്തത് ജപ്പാനിൽ നടക്കും

17. 'ഹരിതവിപ്ലവുമായി' ബന്ധപ്പെട്ട് ശരിയല്ലാത്തതേത്?

i) അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിച്ചു.

ii) 1980 - കാലഘട്ടത്തിൽ ആരംഭിച്ചു.

iii) Dr. എസ്. സ്വാമിനാഥൻ നയിച്ചു.

iv) രാസവളം, കീടനാശിനി ഉപയോഗം വർദ്ധിച്ചു.

(A) i & iv ശരിയല്ല

(B) i, ii, & iv ശരിയല്ല

(C) ii ശരിയല്ല

(D) iv ശരിയല്ല

18. 'അമൃത് കാൽ' എന്ന ആശയവുമായി ബന്ധമില്ലാത്തത് താഴെ തന്നിരിക്കുന്നതിൽ ഏതാണ്?

(A) 2022 - 23 യൂണിയൻ ബജറ്റ്

(B) ഇന്ത്യ@100

(C) 25 വർഷ കാലഘട്ടം

(D) സപ്തരിഷി

19. ഇന്ത്യൻ ഭരണഘടന നിർമ്മാണ സമിതിയുടെ ആദ്യസമ്മേളനം നടന്നത്.

(A) 1949 ഡിസംബർ 6

(B) 1946 ഡിസംബർ 9

(C) 1949 നവംബർ 26

(D) 1946 നവംബർ 9

20. താഴെ കൊടുത്തിരിക്കുന്നവയിൽ വിദ്യാഭ്യാസാവകാശത്തെ സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

i) വിദ്യാഭ്യാസാവകാശം 86-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ii) 2008-ലാണ് ഈ നിയമം നിലവിൽ വന്നത്

iii) ഭരണ ഘടനയുടെ 21 A എന്ന അനുച്ഛേദത്തിലാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്

(A) i & iii മാത്രം

(B) i & ii മാത്രം

(C) എല്ലാ പ്രസ്താവനകളും ശരിയാണ്

(D) ii & iii മാത്രം

21. ഇന്ത്യൻ ഭരണഘടനയിലെ 'നീതിന്യായ പുനരവലോകനം' എന്ന ആശയം ഏതു ഭരണഘടനയിൽ നിന്നാണ് കടമെടുത്തത്?

(A) ബ്രിട്ടൻ
(B) അയർലണ്ട്
(C) ഫ്രാൻസ്
(D) അമേരിക്ക

22. ഇന്ത്യയുടെ ഇപ്പോഴത്തെ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ആരാണ്?

(A) കെ.ജി. ബാലകൃഷ്ണൻ
(B) വി. രാമസുബ്രഹ്മണ്യൻ
(C) രംഗനാഥ മിശ്ര
(D) ഡി.വൈ. ചന്ദ്രചൂഡ്

23. ഇന്ത്യയുടെ സ്വതന്ത്ര തെരഞ്ഞെടുപ്പ് കമ്മീഷനെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ വകുപ്പ് ഏതാണ്?

(A) 326
(B) 243
(C) 324
(D) 234

24. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ സ്വത്തവകാശത്തെക്കുറിച്ച് ശരിയല്ലാത്തത് കണ്ടെത്തുക.

i) 42-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് സ്വത്തവകാശം മൗലികാവകാശമല്ലാതായി മാറിയത്.

ii) ഇപ്പോൾ ഭരണഘടനയുടെ 200 A എന്ന വകുപ്പിൽ സ്വത്തവകാശം നിലനിൽക്കുന്നു.

iii) 1973-ലെ സുപ്രീംകോടതി വിധിപ്രകാരം സ്വത്തവകാശം ഭരണഘടനയുടെ അടിസ്ഥാന ഘടനയിൽ ഉൾപ്പെടുന്നതല്ല.

(A) i & ii മാത്രം
(B) ii & iii മാത്രം
(C) എല്ലാ പ്രസ്താവനകളും തെറ്റാണ്
(D) i & iii മാത്രം

25. വോട്ടവകാശം 21ൽ നിന്ന് 18 വയസ്സാക്കി മാറ്റിയ ഭരണഘടനാഭേദഗതി ഏതാണ്?

(A) 1992 ലെ 73-ാം ഭേദഗതി
(B) 1989 ലെ 61-ാം ഭേദഗതി
(C) 1987 ലെ 55-ാം ഭേദഗതി
(D) 1990 ലെ 63-ാം ഭേദഗതി

26. സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെട്ട ഒരു വിഷയം ദേശ താൽപര്യത്തിനുവേണ്ടി യൂണിയൻ ലിസ്റ്റിലേക്കോ കൺകറന്റ് ലിസ്റ്റിലേക്കോ മാറ്റുന്നതിന് അംഗീകാരം നൽകേണ്ടത് ——— ആണ്

(A) ലോക്സഭ
(B) സംസ്ഥാന നിയമ സഭ
(C) രാജ്യസഭ
(D) സംസ്ഥാന ഗവർണർ

27. ഇന്ത്യൻ വൈസ് പ്രസിഡന്റിനെ സംബന്ധിച്ച ഏതാനും പ്രസ്താവനകൾ നൽകിയിരിക്കുന്നു. ഇതിൽ ശരിയായിട്ടുള്ളത് കണ്ടെത്തുക.

i) വൈസ് പ്രസിഡന്റ് രാജ്യസഭയുടെ 'എക്സ് ഒഫിഷ്യോ' ചെയർമാനാണ്.

ii) വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ സംസ്ഥാന നിയമ നിർമ്മാണ സഭകളും പങ്കെടുക്കുന്നു.

iii) ഇംപീച്ച്മെന്റ് നടപടിയിലൂടെയാണ് വൈസ് പ്രസിഡന്റിനെ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നത്.

(A) i & iii മാത്രം

(B) i & ii മാത്രം

(C) എല്ലാ പ്രസ്താവനകളും ശരിയാണ്

(D) ii & iii മാത്രം

28. ലോക തണ്ണീർത്തട ദിനം എന്നാണ്?

(A) ജനുവരി - 6

(B) ഫെബ്രുവരി - 2

(C) മാർച്ച് - 22

(D) ഏപ്രിൽ - 24

29. സംസ്ഥാന ധനകാര്യ കമ്മീഷനെക്കുറിച്ച് പ്രതിപാദിക്കുന്ന നിയമങ്ങൾ താഴെത്തന്നിരിക്കുന്നവയിൽ നിന്ന് കണ്ടെത്തുക.

i) 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമം - സെക്ഷൻ 186

ii) 1994 - ലെ കേരള മുനിസിപ്പാലിറ്റി നിയമം - സെക്ഷൻ 205

iii) 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമം - സെക്ഷൻ 183

(A) ii & iii മാത്രം

(B) i & iii മാത്രം

(C) എല്ലാ നിയമങ്ങളും ധനകാര്യകമ്മീഷനെക്കുറിച്ച് പ്രതിപാദിക്കുന്നവയാണ്

(D) i & ii മാത്രം

30. കേരള ദുരന്ത നിവാരണ അതോറിറ്റി രൂപം കൊണ്ട വർഷം?

(A) 2007 മെയ് 4

(B) 2016 ഡിസംബർ 8

(C) 1998 മെയ് 17

(D) 2015 ജൂൺ 6

31. കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നത് ഏത് വർഷമാണ്?

(A) 1994 ഏപ്രിൽ 23

(B) 1994 മാർച്ച് 22

(C) 1994 മെയ് 8

(D) 1993 ഏപ്രിൽ 23

32. മലമ്പനിയുടെ പ്രധാന ലക്ഷണമാണ് ഒന്നിടവിട്ട ദിവസങ്ങളിൽ വരുന്ന വിറയലോടുകൂടിയ പനി. ഇതിന് കാരണം താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

(A) ഹീമോഗ്ലോബിൻ

(B) ഹീമോസീൽ

(C) ഹീമോസോയിൽ

(D) ഹീമോഫീലിയ

33. എച്ച്ഐവി ബാധ കണ്ടെത്താൻ വേണ്ടി ചെയ്യുന്ന ടെസ്റ്റ്

(A) വൈഡൽ ടെസ്റ്റ്
(B) എലിസ
(C) ബയോപ്സി
(D) പാപ് ടെസ്റ്റ്

34. പ്രസവ ശേഷം ആദ്യമായി ഉൽപ്പാദിപ്പിക്കുന്ന മുലപ്പാൽ ആണ് കൊളസ്ട്രം. ഇതിലടങ്ങിയിരിക്കുന്ന ഇമ്മ്യൂണോഗ്ലോബുലിൻ

(A) Ig A
(B) Ig D
(C) Ig E
(D) Ig G

35. രക്തത്തിലെ ഗ്ലൂക്കോസിന്റെ നില നിയന്ത്രിക്കുന്ന ഹോർമോണുകൾ

(A) അഡ്രിനാലിൻ, നോർ അഡ്രിനാലിൻ
(B) ഇൻസുലിൻ, ഗ്ലൂക്കഗോൺ
(C) തൈമോസിൻ, തൈറോക്സിൻ
(D) ഓക്സിടോസിൻ, വാസോപ്രസിൻ

36. ക്യാൻസറിനെ പ്രതിരോധിക്കാനായി 9 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകുന്ന വാക്സിനേഷൻ

(A) എച്ച് പി വി
(B) എച്ച് ഐ ബി 1
(C) ഐ പി വി 1
(D) റോട്ട വൈറസ് 1

37. വംശനാശ ഭീഷണി നേരിടുന്ന കേരളത്തിലെ ഭൂഗർഭ മീനുകൾ താഴെ കൊടുത്തിരിക്കുന്നവയിൽ ഏതൊക്കെയാണ്?

(A) ക്രിപ്റ്റോഗ്ലാനിസ് ഷാജി
(B) ഹൊറഗ്ലാനിസ് അബ്ദുൾകലാമി
(C) പാഞ്ചിയോ ഭുജിയ
(D) എനിഗ്മചന്ന ഗൊല്ലം

(A) A, B, C
(B) B, C, D
(C) ഇതൊന്നുമല്ല
(D) A, B, C, D

38. ഒരു വലിയ വെള്ളച്ചാട്ടത്തിന്റെ അടിയിലുള്ള വെള്ളത്തിന്റെ താപനില മുകളിലുള്ള വെള്ളത്തിന്റെ താപനിലയേക്കാൾ കൂടുതലാണ് – കാരണം.

(A) വീഴുന്ന വെള്ളം സൂര്യനിൽ നിന്നുള്ള ചൂട് ആഗിരണം ചെയ്യുന്നു.
(B) വീഴുന്ന വെള്ളത്തിന്റെ ഗതികോർജ്ജം താപമായി പരിവർത്തനം ചെയ്യപ്പെടുന്നു.
(C) അടിയിലുള്ള വെള്ളത്തിന് കൂടുതൽ സ്ഥിതികോർജ്ജം ഉണ്ട്
(D) നദീ തടത്തിലെ പാറചൂട് പുറപ്പെടുവിക്കുന്നു.

39. അന്തരീക്ഷ മർദ്ദത്തിൽ വെള്ളം 100°C ൽ തിളയ്ക്കുന്നു. മർദ്ദം കുറഞ്ഞാൽ അത് ?

(A) അതേ താപനിലയിൽ തിളയ്ക്കുന്നു

(B) ഉയർന്ന താപനിലയിൽ തിളയ്ക്കുന്നു

(C) കുറഞ്ഞ താപനിലയിൽ തിളയ്ക്കുന്നു

(D) തിളയ്ക്കുന്നില്ല

40. താഴെ പറയുന്നവയിൽ പ്രകാശത്തിന്റെ സ്വഭാവം അല്ലാത്തത് ഏത്?

(A) ശൂന്യതയിലൂടെ സഞ്ചരിക്കാനുള്ള കഴിവുണ്ട്

(B) നിശ്ചിത വേഗത ഉണ്ട്

(C) ഊർജ്ജം വഹിച്ചു കൊണ്ടു പോകാൻ കഴിയും

(D) സഞ്ചരിക്കാൻ ഒരു മാധ്യമം ആവശ്യമാണ്.

41. 'സ്റ്റാർഷിപ്പ്' ബഹിരാകാശപേടകം ഏത് ബഹിരാകാശ ഏജൻസിയാണ് നിർമ്മിച്ചത്.

(A) സ്പേസ് എക്സ്

(B) നാസ

(C) ഡി.ആർ.ഡി.ഒ.

(D) സ്കൈറൂട്ട് എയ്റോ സ്പേസ്

42. സോഡിയം കാർബണേറ്റ് ലായനിയുടെ $P^H$ മൂല്യം എത്ര?

(A) 0 (B) 7 ന് താഴെ

(C) 7 (D) 7 ന് മുകളിൽ

43. അറ്റോമികസംഖ്യ 23 ഉള്ള മൂലകം ആവർത്തന പട്ടികയിൽ ഏത് ബ്ലോക്കിൽ പെടും?

(A) S ബ്ലോക്ക് (B) P ബ്ലോക്ക്

(C) d ബ്ലോക്ക് (D) f ബ്ലോക്ക്

44. 90 ഗ്രാം ജലത്തിൽ എത്ര മോൾ അടങ്ങിയിട്ടുണ്ട്?

(A) 5 (B) 10

(C) 0.5 (D) 1

45. ഇലക്ട്രിക് അയൺ ബോക്സിലെ ഹീറ്റിംഗ് എലിമെന്റ് നിർമ്മിക്കാൻ ഉപയോഗിക്കുന്ന ലോഹസങ്കരം ഏത്?

(A) ഡ്യൂറാലുമിൻ (B) നിക്രോം

(C) അൽനിക്കോ (D) ബെൽമെറ്റൽ

46. രാജാരവി വർമ്മയെ കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തുക.

i) പാശ്ചാത്യ ചിത്രകലാ ശൈലിയിൽ നിപുണൻ

ii) പ്രശസ്തമായ ചിത്രമാണ് 'ശകുന്തള'

iii) കിളിമാനൂർ കൊട്ടാരത്തിൽ ജനിച്ചു.

(A) ii & iii മാത്രം ശരി

(B) i മാത്രം ശരി

(C) iii മാത്രം ശരി

(D) i, ii & iii ശരി

47. 'എന്റെ ഗുരുനാഥൻ' എന്ന കവിത താഴെ നൽകിയവയിൽ ഏത് സമാഹാരത്തിൽ നിന്നാണ് എടുത്തിരിക്കുന്നത്?

(A) സാഹിത്യമഞ്ജരി ഒന്നാം ഭാഗം

(B) സാഹിത്യമഞ്ജരി നാലാം ഭാഗം

(C) സാഹിത്യമഞ്ജരി മൂന്നാം ഭാഗം

(D) സാഹിത്യമഞ്ജരി രണ്ടാം ഭാഗം

48. ക്ലാസ്സിക് പ്രസ്ഥാനത്തിലെ റൊമാന്റിക് കാവ്യമെന്നും റൊമാന്റിക് പ്രസ്ഥാനത്തിലെ ക്ലാസ്സിക് കാവ്യമെന്നും വിശേഷിപ്പിക്കാവുന്ന കൃതി

(A) അശ്വമേധം

(B) നളചരിതം ആട്ടക്കഥ

(C) മൈക്കലാഞ്ജലോ.... മാപ്പ്

(D) നളിനി

49. 2025 ലെ ചാമ്പ്യൻസ് ട്രോഫി ഏകദിന ക്രിക്കറ്റുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവനയേത്?

i) ഫൈനലിൽ ന്യൂസിലൻഡിനെതിരെ ഇന്ത്യക്ക് 4 വിക്കറ്റ് ജയം

ii) ചാമ്പ്യൻസ് ട്രോഫിയിൽ ഇന്ത്യക്ക് മൂന്നാം കിരീടം

iii) രോഹിത് ശർമയെ ടൂർണമെന്റിലെ താരമായി തെരഞ്ഞെടുത്തു

(A) (i) & (ii) തെറ്റ്

(B) (ii) & (iii) തെറ്റ്

(C) (i) മാത്രം തെറ്റ്

(D) (iii) മാത്രം തെറ്റ്

50. ശരിയായ പ്രസ്താവന കണ്ടെത്തുക.

i) ആൻ മക് ക്ലെയിനിനും നിക്കോൾ അയേഴ്സിനുമൊപ്പമാണ് സുനിതാ വില്ല്യംസും ബുച്ച്വിൽമോറും ബഹിരാകാശത്തുനിന്നും ഫ്ലോറിഡയുടെ തീരക്കടലിൽ ഇറങ്ങിയത്

ii) ഒരു യൂറോപ്യൻ സ്പെയ്സ് ഏജൻസിയാണ് 'സ്പെയ്സ് എക്സ്'

iii) 286 ദിവസത്തെ ബഹിരാകാശവാസത്തിന് ശേഷമാണ് സുനിതാ വില്ല്യംസും ബുച്ച്വിൽമോറും ഭൂമിയിലെത്തിയത്.

(A) (i) മാത്രം ശരി
(B) (iii) മാത്രം ശരി
(C) (i) & (ii) ശരി
(D) (ii) & (iii) ശരി

51. $\frac{3}{8}$ ന്റെ ദശാംശരൂപം

(A) 0.75
(B) 0.375
(C) 0.03
(D) 0.075

52. 5% വാർഷിക നിരക്കിൽ ഒരു തുകക്ക് 2 വർഷത്തേക്ക് സാധാരണ പലിശയായി 200 രൂപ ലഭിച്ചു. അതേ തുകക്ക് അതേ നിരക്കിൽ 2 വർഷത്തേക്ക് ലഭിക്കുന്ന കൂട്ടുപലിശ എത്ര?

(A) 2000
(B) 2005
(C) 2200
(D) 2205

53. ഒരു ദ്രാവകത്തിൽ ആസിഡും വെള്ളവും 4:3 എന്ന അംശബന്ധത്തിലാണ്. 10 ലിറ്റർ ആസിഡ് കൂടി ഒഴിച്ചപ്പോൾ ഇത് 3:1 എന്ന അംശബന്ധത്തിൽ ആയി. ഇപ്പോൾ ദ്രാവകത്തിൽ എത്ര ലിറ്റർ ആസിഡും വെള്ളവും ഉണ്ട്?

(A) 18, 6
(B) 6, 18
(C) 12, 3
(D) 3, 12

54. അപ്പുവിന്റെ അമ്മയുടെ പ്രായം അപ്പുവിന്റെ പ്രായത്തിന്റെ ഒൻപത് മടങ്ങാണ്. ഒൻപത് വർഷം കഴിയുമ്പോൾ ഇത് മൂന്ന് മടങ്ങായി മാറും. എന്നാൽ അപ്പുവിന്റെ ഇപ്പോഴത്തെ പ്രായം എത്ര?

(A) 6
(B) 3
(C) 2
(D) 4

55. കോണുകളുടെ തുക 8100° ആയ ബഹുഭുജത്തിന് എത്ര വശങ്ങൾ ഉണ്ട്?

(A) 45
(B) 46
(C) 47
(D) 49

56. ഒരു സമചതുരത്തിന്റെ വികർണ്ണത്തിന്റെ നീളം വശത്തിന്റെ നീളത്തിന്റെ എത്ര മടങ്ങാണ്?

(A) 4
(B) 2
(C) √3
(D) √2

57. ഒരു ക്ലോക്കിലെ സമയം 10.30 ആണെങ്കിൽ മിനിട്ട് സൂചിയും മണിക്കൂർ സൂചിയും തമ്മിലുള്ള കോൺ അളവ് എത്ര?

(A) 315
(B) 90
(C) 135
(D) 180

58. $(0.25)^6$ നെ ഏത് എണ്ണൽ സംഖ്യ കൊണ്ട് ഗുണിച്ചാലാണ് $(0.25)^4$ കിട്ടുക?

(A) 8
(B) 16
(C) 4
(D) 32

59. 3നും 81നും ഇടയിൽ രണ്ട് സംഖ്യകൾ ചേർക്കുക. അങ്ങിനെ ചേർക്കുന്ന ക്രമം ഒരു സമഗുണിത ശ്രേണിയാണ് എങ്കിൽ ആ രണ്ട് സംഖ്യകൾ ഏതെല്ലാം?

(A) 9, 27
(B) 27, 9
(C) 6, 15
(D) 2, 36

60. ഒരു വാഹനം യാത്രയുടെ ആദ്യത്തെ 120 കി.മീറ്റർ ദൂരം ശരാശരി 30/കി.മീ/മണിക്കൂർ വേഗത്തിലും അടുത്ത 120 കി.മീറ്റർ 20 കി.മീ/മണിക്കൂർ വേഗത്തിലുമാണ് സഞ്ചരിച്ചത്. എന്നാൽ മുഴുവൻ യാത്രയിലെയും ശരാശരി വേഗം എത്രയാണ്.

(A) 20
(B) 24
(C) 25
(D) 26

61. ബി.ൻ.സ്. പ്രകാരം ഒരു ശിക്ഷ നടപ്പിലാക്കുമ്പോൾ, ഏകാന്ത തടവ് ഒരു സാഹചര്യത്തിലും എത്ര ദിവസം അധീകരിക്കാൻ പാടില്ല?

(A) 14
(B) 10
(C) 7
(D) 21

62. ബി.ൻ.സ്. സ് ന്റെ ഏതു അധ്യായമാണ് ക്രമസമാധാനവും ശാന്തതയും നിലനിർത്തലിനെ കുറിച്ച് വിശദീകരിക്കുന്നത്

(A) അധ്യായം X
(B) അധ്യായം XI
(C) അധ്യായം IX
(D) അധ്യായം XII

63. കേരള പോലീസ് ആക്ട് പ്രകാരം സംസ്ഥാന സുരക്ഷാ കമ്മീഷന്റെ സെക്രട്ടറി ആരാണ്?

(A) ആഭ്യന്തര മന്ത്രി

(B) ആഭ്യന്തര വകുപ്പ് സെക്രട്ടറി

(C) സംസ്ഥാന പോലീസ് മേധാവി

(D) ചീഫ് സെക്രട്ടറി

64. ഒരു വ്യക്തി വധശിക്ഷയോ ജീവപര്യന്തം തടവോ ലഭിക്കാവുന്ന ഒരു കുറ്റകൃത്യം ചെയ്യാനുള്ള ഗൂഢാലോചന മറച്ചുവെക്കുകയും ആ കൃത്യം നടക്കുകയും ചെയ്താൽ അയാൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ എന്താണ്?

(A) വധശിക്ഷ

(B) ജീവപര്യന്തം

(C) മൂന്ന് വർഷം വരെ തടവ്

(D) ഏഴ് വർഷം വരെ തടവ്

65. ബി ൻ സ് സ് ......... അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ അറസ്റ്റിനുള്ള കാരണങ്ങളും ജാമ്യത്തിനുള്ള അവകാശവും അറിയിക്കേണ്ടതാണ്

(A) സെക്ഷൻ 47

(B) സെക്ഷൻ 49

(C) സെക്ഷൻ 50

(D) സെക്ഷൻ 51

66. കേരള പോലീസ് ആക്ട് സെക്ഷൻ 64 താഴെ പറഞ്ഞിരിക്കുന്നവയിൽ എന്തിനെ പറ്റി വിശദീകരിക്കുന്നു?

(A) കോഗ്നൈസബിൾ കുറ്റകൃത്യം

(B) കമ്മ്യൂണിറ്റി പൊലീസിങ്

(C) ബീറ്റ് പോലീസ് സേവനം

(D) പൊതുജനങ്ങൾക്കു പാരിതോഷികം

67. ഭാരതീയ സാക്ഷ്യ അധിനിയമിൽ ഏതു സെക്ഷനാണ് പോലീസ് ഉദ്യോഗസ്ഥനോട് നടത്തുന്ന കുറ്റസമ്മതം ഏതെങ്കിലും കുറ്റകൃത്യത്തിൽ കുറ്റാരോപിതനായ വ്യക്തിക്കെതിരെ തെളിയിക്കാൻ പാടില്ല എന്ന് പറഞ്ഞിട്ടുള്ളത്?

(A) സെക്ഷൻ 27

(B) സെക്ഷൻ 26

(C) സെക്ഷൻ 23

(D) സെക്ഷൻ 33

68. ആരെങ്കിലും ആംഗ്യമോ തയ്യാറെടുപ്പോ മുഖേന ഒരു വ്യക്തിക്ക് തനിക്കെതിരെ ക്രിമിനൽ ബലപ്രയോഗം നടത്താൻ പോകുന്നുവെന്ന് മനസ്സിലാക്കുവാനോ അത്തരത്തിൽ ഭയം ഉളവാക്കുകയോ ചെയ്താൽ അയാൾ ....... എന്ന കുറ്റകൃത്യം ചെയ്തതായി കണക്കാക്കാവുന്നതാണ്.

(A) ലൈംഗികാതിക്രമം

(B) വ്യക്തിഹത്യ

(C) ആക്രമണം

(D) അതിക്രമം

69. ഭാരതീയ സാക്ഷ്യ അധിനിയം പ്രകാരം കാരിക്കേച്ചർ ഒരു :

(A) രേഖയാണ്

(B) രേഖയല്ല

(C) അഭിപ്രായം ആണ്

(D) പ്രമാണമാണ്

70. ഒരു ഗ്രാമത്തിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട് നിയമിക്കപ്പെട്ടിരിക്കുന്ന ഓരോ ഉദ്യോഗസ്ഥനും അടുത്തുള്ള മജിസ്ട്രേറ്റിനെയോ അടുത്തുള്ള പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെയോ താഴെ പറയുന്ന ചില വസ്തുതകളെ പറ്റി അറിയിക്കേണ്ടതാണ് :

x. മോഷ്ടിച്ച വസ്തുക്കൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന കുപ്രസിദ്ധ വ്യക്തിയുടെ ഗ്രാമത്തിനകത്തോ അടുത്തോ ഉള്ള സ്ഥിരമോ താല്ക്കാലികമോ ആയ താമസ സ്ഥലം

y. ഗ്രാമത്തിലോ സമീപത്തോ പെട്ടെന്നുള്ളതോ അസ്വാഭാവികമോ ആയ മരണം സംഭവിക്കുകയോ സംശയാസ്പദമായ സാഹചര്യത്തിൽ മരണം സംഭവിക്കുകയോ അല്ലെങ്കിൽ ഒരു ഗ്രാമത്തിലോ സമീപത്തോ ഏതെങ്കിലും മൃതദേഹമോ മൃതദേഹത്തിന്റെ ഭാഗമോ കണ്ടെത്തുകയോ ചെയ്യുക.

(A) x മാത്രം
(B) y മാത്രം
(C) x ഉം y ഉം
(D) അറിയിക്കേണ്ടതില്ല

71. ആരാണ് ട്രാഫിക് സംരക്ഷണ സമിതിയുടെ അധ്യക്ഷനായി പ്രവർത്തിക്കേണ്ടത്?

(A) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

(B) തദ്ദേശ ഭരണത്തലവൻ

(C) ജില്ലാ മജിസ്ട്രേറ്റ്

(D) ജില്ലാ പോലീസ് മേധാവി

72. ഒന്നിലധികം കുട്ടികളെ കടത്തുന്നത് ഉൾപ്പെടുന്ന കുറ്റകൃത്യത്തിനു ലഭിക്കാവുന്ന കുറഞ്ഞ ശിക്ഷ എന്താണ്?

(A) പത്തു കൊല്ലത്തിൽ കുറയാത്ത തടവ്

(B) ഏഴു കൊല്ലത്തിൽ കുറയാത്ത കഠിനതടവ്

(C) പത്തു കൊല്ലത്തിൽ കുറയാത്ത കഠിനതടവ്

(D) പതിനാല് കൊല്ലത്തിൽ കുറയാത്ത കഠിനതടവ്

73. എൻ.ഡി.പി.എസ്. നിയമം ആർക്കെല്ലാം ബാധകം ആകും?

(A) ഇന്ത്യയ്ക്ക് പുറത്തുള്ള ഏതൊരു വ്യക്തിക്കും

(B) ഇന്ത്യയ്ക്ക് പുറത്തുള്ള ഏതൊരു ഇന്ത്യൻ പൗരനും

(C) ലോകത്ത് എവിടെയും രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു കപ്പലോ വിമാനമോ

(D) മുകളിൽ പറഞ്ഞവ ഒന്നുമല്ല

74. 1985 ലെ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ടിലെ സെക്ഷൻ 31 എ പ്രകാരമുള്ള വധശിക്ഷ ഏതൊക്കെ കുറ്റങ്ങൾക്ക് ബാധകമാണ്?

(A) സെക്ഷൻസ് 19, 24, 27 എ

(B) സെക്ഷൻ 18, 24, 27 എ

(C) സെക്ഷൻസ് 19, 25, 27A

(D) സെക്ഷൻസ് 19, 24, 27B

75. ട്യൂഷൻ സെന്റർ നടത്തുന്ന മിസ്റ്റർ 'ബി' ക്കെതിരെ മിസ്റ്റർ 'എ' തെറ്റായ പരാതി നൽകുന്നു. തന്റെ സെന്ററിൽ പഠിക്കുന്ന സ്കൂൾ കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചിരുന്നുവെന്ന്. മിസ്റ്റർ 'ബി'യെ അപമാനിക്കാൻ വേണ്ടി മാത്രമായിരുന്നു പരാതി. 'എ' എന്ത് കുറ്റമാണ് ചെയ്തത്?

(A) പോക്സോ ആക്ട് സെക്ഷൻ 21 പ്രകാരം തെറ്റായ പരാതി നൽകിയതിന് എ കുറ്റം ചെയ്തിട്ടുണ്ട്, കൂടാതെ 6 മാസം വരെ തടവിന് അർഹനാണ്

(B) പോക്സോ ആക്ട് സെക്ഷൻ 22 പ്രകാരം തെറ്റായ പരാതി നൽകിയതിന് എ കുറ്റം ചെയ്തിട്ടുണ്ട്, കൂടാതെ 6 മാസം വരെ തടവിന് അർഹനാണ്

(C) പോക്സോ ആക്ട് സെക്ഷൻ 23 പ്രകാരം തെറ്റായ പരാതി നൽകിയതിന് എ കുറ്റം ചെയ്തിട്ടുണ്ട്, കൂടാതെ ഒരു വർഷം വരെ തടവിന് അർഹനാണ്

(D) പോക്സോ ആക്ട് സെക്ഷൻ 24 പ്രകാരം തെറ്റായ പരാതി നൽകിയതിന് എ കുറ്റം ചെയ്തിട്ടുണ്ട്, കൂടാതെ 6 മാസം വരെ തടവിന് അർഹനാണ്

76. പോക്സോയെ സംബന്ധിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?

(A) മാതാപിതാക്കളുടെ അനുമതിയില്ലാതെ ഒരു മാധ്യമത്തിലെ റിപ്പോർട്ടർ ഇരയായ കുട്ടിയുടെ പേര് വെളിപ്പെടുത്താൻ പാടില്ല.

(B) ബന്ധപ്പെട്ട കുട്ടിയുടെ അനുമതിയില്ലാതെ ഒരു മാധ്യമത്തിലെ റിപ്പോർട്ടർ ഇരയായ കുട്ടിയുടെ പേര് വെളിപ്പെടുത്താൻ പാടില്ല

(C) ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ അനുമതിയില്ലാതെ ഒരു മാധ്യമത്തിലെ റിപ്പോർട്ടർ ഇരയായ കുട്ടിയുടെ പേര് വെളിപ്പെടുത്താൻ പാടില്ല.

(D) പോക്സോ ആക്ട് പ്രകാരം രൂപീകരിച്ച പ്രത്യേക കോടതിയുടെ അനുമതിയില്ലാതെ ഒരു മാധ്യമത്തിലെ റിപ്പോർട്ടർ ഇരയായ കുട്ടിയുടെ പേര് വെളിപ്പെടുത്താൻ പാടില്ല.

77. ബി-യുടെ കമ്പ്യൂട്ടറിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങൾ മിസ്റ്റർ 'എ' 'ബി' യുടെ അഭാവത്തിലും അനുവാദമില്ലാതെയും വഞ്ചനാപരമായി ഡൗൺലോഡ് ചെയ്ത് പകർത്തുന്നു. 'എ' യെ ക്രിമിനൽ ബാധ്യതയ്ക്ക് വിധേയനാക്കാൻ കഴിയുമോ?

(A) ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ സെക്ഷൻ 66 പ്രകാരം 'എ' യെ ക്രിമിനൽ ബാധ്യതയ്ക്ക് വിധേയമാക്കാം.

(B) ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ സെക്ഷൻ 65 പ്രകാരം 'എ' യെ ക്രിമിനൽ ബാധ്യതയ്ക്ക് വിധേയമാക്കാം.

(C) ഇല്ല. ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ സെക്ഷൻ 43 പ്രകാരം നഷ്ടപരിഹാരം നൽകാൻ മാത്രമേ 'എ' യെ ബാധ്യസ്ഥനാക്കാൻ കഴിയൂ.

(D) ഇല്ല. ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ സെക്ഷൻ 44 പ്രകാരം നഷ്ടപരിഹാരം നൽകാൻ മാത്രമേ 'എ' യെ ബാധ്യസ്ഥനാക്കാൻ കഴിയൂ.

78. വിവര സാങ്കേതിക നിയമവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവയിൽ ഏതാണ് ശരി?

| | |
|---|---|
| 1. ആശയവിനിമയ സേവനത്തിലൂടെ കുറ്റകരമായ സന്ദേശങ്ങൾ അയയ്ക്കുന്നതിനുള്ള ശിക്ഷ | i. സെക്ഷൻ 66A |
| 2. ഐഡന്റിറ്റി മോഷണത്തിനുള്ള ശിക്ഷ | ii. സെക്ഷൻ 66D |
| 3. കമ്പ്യൂട്ടർ റിസോഴ്സ് ഉപയോഗിച്ച് ആൾമാറാട്ടം നടത്തി വഞ്ചിച്ചാൽ ഉള്ള ശിക്ഷ. | iii. സെക്ഷൻ 66E |
| 4. സ്വകാര്യത ലംഘിച്ചതിന് ഉള്ള ശിക്ഷ | iv. സെക്ഷൻ 66C |

(A) 1 - i, 2 - ii, 3 - iii, 4 - iv
(B) 1 - ii, 2 - i, 3 - iv, 4 - iii
(C) 1 - i, 2 - iv, 3 - ii, 4 - iii
(D) 1 - iv, 2 - iii, 3 - ii, 4 - i

79. വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?

(A) സംസ്ഥാന വിവരാവകാശ ഉദ്യോസ്ഥൻ മൂന്നാം കക്ഷി വിവരങ്ങൾ ഏതെങ്കിലും വ്യക്തിക്ക് നൽകാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, വിവരങ്ങൾ ആവശ്യപ്പെട്ട് 10 ദിവസത്തിനുള്ളിൽ ആ മൂന്നാം വ്യക്തിക്ക് രേഖാമൂലം അറിയിപ്പ് നൽകണം.

(B) വ്യാപാര അല്ലെങ്കിൽ വാണിജ്യ രഹസ്യങ്ങളുടെ കാര്യത്തിൽ, മൂന്നാം കക്ഷി വിവരങ്ങൾ ഒരിക്കലും വെളിപ്പെടുത്താൻ പാടില്ല.

(C) മൂന്നാം കക്ഷി വിവരങ്ങൾ നൽകാനുള്ള തീരുമാന നോട്ടീസിന് അപ്പീൽ നൽകാൻ കഴിയില്ല.

(D) മുകളിൽ പറഞ്ഞവ ഒന്നുമല്ല.

80. വിവരാവകാശ ഉദ്യോഗസ്ഥന് വിവരങ്ങളിലേക്കുള്ള ലഭ്യത നിഷേധിക്കാൻ സാധ്യതയുള്ള സാഹചര്യങ്ങൾ എന്തൊക്കെയാണ്?

(A) മൂന്നാം കക്ഷി വിവരങ്ങൾ ഉൾപ്പെടുമ്പോൾ

(B) സംസ്ഥാനത്തിന്റെ കൈവശമുള്ള പകർപ്പവകാശത്തെ അത് ലംഘിക്കുമ്പോൾ

(C) സംസ്ഥാനവുമായി ബന്ധം ഇല്ലാത്ത ഒരു വ്യക്തിയുടെ പകർപ്പവകാശം ലംഘിക്കുമ്പോൾ

(D) മുകളിൽ പറഞ്ഞവ ഒന്നുമല്ല

81. പ്രേഷകൻ എന്ന വാക്കിന്റെ സ്ത്രീലിംഗ രൂപം ഏത്?

(A) ഓപ്ഷൻ A - പ്രേഷിത

(B) ഓപ്ഷൻ B - പ്രേക്ഷിത

(C) ഓപ്ഷൻ C - പ്രേഷക

(D) ഓപ്ഷൻ D - പ്രേക്ഷക

82. നിഷ്ഫലയത്നം എന്നർത്ഥം വരുന്ന ശൈലി തെരഞ്ഞെടുക്കുക.

(A) ഓപ്ഷൻ A - ഭടവാക്ക്

(B) ഓപ്ഷൻ B - കാകദന്തഗവേഷണം

(C) ഓപ്ഷൻ C - നാരദക്രിയ

(D) ഓപ്ഷൻ D - അല്ലപരീക്ഷണം

83. നിരാമയം എന്ന പദത്തിന്റെ പിരിച്ചെഴുത്ത് രൂപം ഏത്?

(A) നിര + ആമയം

(B) നി + രാമയം

(C) നിരാ + മയം

(D) നിർ + ആമയം

84. ‘സമത’ എന്ന വാക്കിന്റെ സമാനാർത്ഥത്തിലുള്ള പദം കണ്ടെത്തുക.

(A) ഭംഗി

(B) തുല്യത

(C) സമ്മതം

(D) കൃത്യത

85. പന്ത്രണ്ടുവർഷക്കാലം എന്നതിന്റെ ഒറ്റപ്പദം ഏത്?

(A) വ്യാഴവട്ടം

(B) സഹസ്രം

(C) അഷ്ടകം

(D) പദികം

86. താഴെ കൊടുത്തവയിൽ ബഹുത്വ സൂചന നൽകുന്ന പദം തെരഞ്ഞെടുക്കുക.

(A) സ്വാമികൾ

(B) ഉദ്ധവർ

(C) ചൊന്നവർ

(D) വസുദേവർ

87. ശുദ്ധരൂപം തെരെഞ്ഞെടുക്കുക.

(A) അഷ്ഠമുഷ്ഠി
(B) അഷ്ടമുഷ്ടി

(C) അഷ്ഠമുഷ്ടി
(D) അഷ്ടമുഷ്ഠി

88. ‘‘മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും കല്ലിനുമുണ്ടാം സൗരഭ്യം’’ - ഈ വരികളുടെ സമാനാശയം വരുന്ന പഴഞ്ചൊല്ല് ഏത്?

(A) ‘മുള്ളിന്റെ ചുവട്ടിൽ മുള്ളേ മുളയ്ക്കൂ.’

(B) ‘ഒന്നായിരുന്നാലും നന്നായിരിക്കണം.’

(C) ‘കുന്നിക്കുരു കുപ്പയിലിട്ടാലും മിന്നും.’

(D) ‘പാലോടു ചേർന്ന വെള്ളവും പാലാകും.’

89. 'Primitive' എന്നതിന്റെ പരിഭാഷാ പദം കണ്ടെത്തുക.

(A) പരിശുദ്ധമായ

(B) പ്രാകൃതമായ

(C) പ്രധാനമായ

(D) പാകമായ

90. താഴെ കൊടുത്തവയിൽ 'കാട് ' എന്ന പദത്തിന്റെ പര്യായ പദക്കൂട്ടം ഏത്?

(A) വിപിനം, ആനനം, കാനനം

(B) വാടി, വനം, വിപിനം

(C) കാനനം, ഗഹനം, വിപിനം

(D) അടവി, ആരണ്യം, ആനനം

**91. Change the following into Indirect Speech:**

**The teacher said, "The Earth revolves around the Sun."**

**(A) The teacher said that the Earth revolved around the Sun.**

**(B) The teacher said that the Earth had revolved around the Sun.**

**(C) The teacher said that the Earth revolves around the Sun.**

**(D) The teacher said that the Earth is revolving around the Sun.**

**92. Find the error and write the correct sentence:**

**(A) I am working here since 2019.**

**(B) I have been working here since 2019.**

**(C) I was working here since 2019.**

**(D) I had worked here since 2019.**

**93. Pick the correct comparative degree sentence:**

**(A) My car is more fast than yours.**

**(B) My car is fastest than yours.**

**(C) My car is as faster as yours.**

**(D) My car is faster than yours.**

94. Add suitable question tag to the following sentence:

Let's go for a walk, ______?

(A) will we?

(B) won't you?

(C) shall we?

(D) shall you?

95. Complete the sentence by adding a suitable word given below:

If she had studied harder, she _______ passed the exam.

(A) would

(B) will

(C) would have

(D) had

96. Select the sentence with the correct collective noun:

(A) A pride of lions roamed the forest.

(B) A fleet of cows grazed in the field.

(C) A bundle of birds flew in the sky.

(D) A troop of fish swam by.

97. Choose the correct one-word substitute:

A person who does not believe in the existence of God is called a

(A) Theist

(B) Fatalist

(C) Atheist

(D) Agnostic

98. Choose the antonym of "Abundant".

(A) Excess

(B) Ample

(C) Scanty

(D) Overflowing

99. Choose the correct spelling:

(A) Miscellaneous

(B) Mischellaneous

(C) Misscelaneous

(D) Miscellaneus

100. Fill in the blank:

The minister presided _______ the meeting.

(A) over (B) at

(C) in (D) by

## SPACE FOR ROUGH WORK

SPACE FOR ROUGH WORK

**FINAL ANSWER KEY**
**Question Paper Code:88-2025 M**
**Question Paper Medium:Malayalam**
**Category Code:091/2024,446/2024,582/2024**
**Name Of Post & Department:WOMAN POLICE CONSTABLE 091/2024,446/2024,582/2024**
**Date Of Test:19-Jul-2025**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | C | C | B | D |
| 2 | B | X | A | B |
| 3 | D | B | B | B |
| 4 | C | A | A | X |
| 5 | B | D | D | A |
| 6 | D | B | B | B |
| 7 | C | C | C | C |
| 8 | X | A | D | D |
| 9 | D | B | A | C |
| 10 | A | X | D | B |
| 11 | D | X | C | A |
| 12 | D | B | A | B |
| 13 | D | D | B | A |
| 14 | B | A | D | B |
| 15 | X | A | B | C |
| 16 | B | C | B | D |
| 17 | C | B | D | A |
| 18 | X | A | B | B |
| 19 | B | B | B | C |
| 20 | A | A | X | C |
| 21 | D | D | A | A |
| 22 | B | B | B | C |
| 23 | C | C | C | B |
| 24 | A | D | D | D |
| 25 | B | A | C | B |
| 26 | X | D | B | A |
| 27 | X | C | A | B |
| 28 | B | A | B | D |
| 29 | D | B | A | A |
| 30 | A | D | B | C |
| 31 | A | B | C | D |
| 32 | C | B | D | C |
| 33 | B | D | A | C |
| 34 | A | B | B | B |
| 35 | B | B | C | D |
| 36 | A | X | C | B |
| 37 | D | A | A | A |
| 38 | B | B | C | C |
| 39 | C | C | B | B |
| 40 | D | D | D | D |
| 41 | A | C | B | B |
| 42 | D | B | A | C |
| 43 | C | A | B | C |
| 44 | A | B | D | B |
| 45 | B | A | A | D |
| 46 | D | B | C | C |
| 47 | B | C | D | C |
| 48 | B | D | C | A |
| 49 | D | A | C | C |
| 50 | B | B | B | C |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | B | C | D | A |
| 52 | X | C | B | A |
| 53 | A | A | A | C |
| 54 | B | C | C | B |
| 55 | C | B | B | D |
| 56 | D | D | D | C |
| 57 | C | B | B | B |
| 58 | B | A | C | D |
| 59 | A | B | C | C |
| 60 | B | D | B | X |
| 61 | A | A | D | D |
| 62 | B | C | C | A |
| 63 | C | D | C | D |
| 64 | D | C | A | D |
| 65 | A | C | C | D |
| 66 | B | B | C | B |
| 67 | C | D | A | X |
| 68 | C | B | A | B |
| 69 | A | A | C | C |
| 70 | C | C | B | X |
| 71 | B | B | D | B |
| 72 | D | D | C | A |
| 73 | B | B | B | D |
| 74 | A | C | D | B |
| 75 | B | C | C | C |
| 76 | D | B | X | A |
| 77 | A | D | D | B |
| 78 | C | C | A | X |
| 79 | D | C | D | X |
| 80 | C | A | D | B |
| 81 | C | C | D | D |
| 82 | B | C | B | A |
| 83 | D | A | X | A |
| 84 | B | A | B | C |
| 85 | A | C | C | B |
| 86 | C | B | X | A |
| 87 | B | D | B | B |
| 88 | D | C | A | A |
| 89 | B | B | D | D |
| 90 | C | D | B | B |
| 91 | C | C | C | C |
| 92 | B | X | A | D |
| 93 | D | D | B | A |
| 94 | C | A | X | D |
| 95 | C | D | X | C |
| 96 | A | D | B | A |
| 97 | C | D | D | B |
| 98 | C | B | A | D |
| 99 | A | X | A | B |
| 100 | A | B | C | B |

'X' denotes deletion

Approved For Publication
Sd/-
Section officer